No.CEE/2593/2006/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ശാന്തി നഗർ, തിരുവനന്തപുരം**

# പത്രക്കുറിപ്പ്

## എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള 27-09-2007നുള്ള അലോട്ടുമെന്റ് സംബന്ധിച്ച്

സർക്കാർ മെഡിക്കൽ ഡെന്റൽ കോളേജുകളിലേയ്ക്കും സർക്കാർ സ്പോൺസർ ചെയ്യുന്ന കൊച്ചി കോ-ഓപ്പറേറ്റിവ് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഒഴിവ് വരുന്ന എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകളിലേയ്ക്കും പുതിയതായി അംഗീകാരം ലഭിച്ച സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകളായ എം.ഇ.എസ് ഡെന്റൽ കോളേജ്, പെരിന്തൽമണ്ണ, മലബാർ ഡെന്റൽ കോളേജ്, ചേകന്നൂർ, മലപ്പുറം എന്നിവയിലെ ബി.ഡി.എസ് സീറ്റുകളിലേയ്ക്കും 2007 സെപ്റ്റംബർ 27ന് അലോട്ടുമെന്റ് നടത്തുന്നതാണ്.

നേരത്തെ വിവിധ കോളേജുകളിലേയ്ക്ക് അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹയർ ഓർഡർ ഓപ്ഷനുകൾ റദ്ദു ചെയ്യുവാനും പുന:ക്രമീകരിക്കുവാനും അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും രണ്ട് പുതിയ ഡെന്റൽ കോളേജുകളിലേയ്ക്ക് പുതിയതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുവാനും 23-09-2007 മുതൽ 25-09-2007 വൈകുന്നേരം 5 മണി വരെ സൗകര്യമുണ്ട്. ഇതിനായി വിദ്യാർത്ഥികൾ "www.cee.kerala.gov.in" എന്ന വെബ് സൈറ്റ് സന്ദർശിക്കേണ്ടതാണ്.

എം.ബി.ബി.എസ്/ബി.ഡി.എസ് അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ്/അധിക ഫീസ്/ക്വോഷൻ ഡെപ്പോസിറ്റ് 28-09-2007നു കാനറാ ബാങ്കിന്റെ തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ അടയ്ക്കേണ്ടതും സെപ്റ്റംബർ 28, 29 തീയതികളിൽ തന്നെ നിശ്ചിത കോളേജുകളിൽ പ്രവേശനം നേടേണ്ടതുമാണ്.

01-09-2007, 19-09-2007 എന്നീ ദിവസങ്ങളിൽ അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾക്കും, 27-09-2007നു അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്കും 28-09-2007നു വൈകുന്നേരം 5 മണി വരെ തങ്ങളുടെ നിലവിലുള്ള അഡ്മിഷൻ ക്യാൻസൽ ചെയ്യാവുന്നതാണ്. നിലവിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ പ്രവേശനം റദ്ദു ചെയ്യുന്നതിനുള്ള അപേക്ഷയുടെ മാതൃക "www.cee-kerala.org" എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് കോളേജ് അധികാരിയുടെ ശുപാർശയോടുകൂടി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നേരിട്ടോ/ഫാക്സ് മുഖേനയോ നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

തിരുവനന്തപുരം
22-09-2007

**പ്രവേശന പരീക്ഷാ കമ്മീഷണർ**